

എന്റെ

# ഭവനം

VOL 04 ISSUE 07 JULY 2014 PRICE ₹ 30 FOLLOW ON

മച്ച്
നിർമ്മിക്കുമ്പോൾ

വീടിന്റെ
ആയുസ്സിന്

കൂൾ
ഷിംഗിൾസ്

സാറാജോസഫിന്റെ
ജൈവവീട്

ഗൃഹനിർമ്മിതിയിലെ
ജ്യോതിശാസ്ത്രം

പിരമിഡ്
വാസ്തു

## എക്കോഫ്രണ്ട്‌ലി
## ഇന്റീരിയർ ഡിസൈൻ



# ചന്തം ചാർത്തിയൊരു വീട്

**എല്ലാ മുറിയിലും വെന്റിലേഷനുള്ള വീട്. പാശ്ചാത്യ ശൈലിയും പാരമ്പര്യശൈലിയും സമന്വയിപ്പിച്ച് പ്രശസ്ത സ്ട്രെക്ച്ചറൽ എൻജിനീയറായ ഷൈൻ. സി. ചിന്നൻ രൂപകല്പന ചെയ്ത വീടിന്റെ അകംകാഴ്ചകളിലേക്ക്**






ഷൈൻ. സി. ചിന്നൻ
സ്ട്രക്ച്ചറൽ എൻജിനീയർ
ഫൈൻ ബിൽഡേഴ്സ് കൺസൾട്ടൻസി
കുന്നംകുളം,
എറണാകുളം

പാലക്കാട് ജില്ലയിൽ ചാലിശ്ശേരിയിലെ ഷെരീഫിന്റെ വീട് സൗന്ദര്യക്കാഴ്ചയാണ്. നാലായിരം സ്ക്വയർ ഫീറ്റിലാണ് വീട് സ്ഥിതിചെയ്യുന്നത്. മുന്നിൽ ലാൻഡ് സ്കേപ്പിനുള്ള സ്ഥലം നൽകിയിട്ടുണ്ട്. വീടിന് ഏറെക്കുറെ സിമ്മട്രിയും കൊടുത്തിട്ടുണ്ട്. മുപ്പതു സെന്റിൽ മുൻഭാഗത്തെ സ്ഥലവും പിൻഭാഗത്തെ സ്ഥലവും തുല്യമായാണ് ഒഴിച്ചിട്ടിരിക്കുന്നത്. എല്ലാ മുറികളിലും നേരിട്ടുള്ള വെന്റിലേഷൻ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഏതു സമയത്തും മുറികളിൽ പ്രകൃതിദത്തമായ കുളിർമ അനുഭവപ്പെടുന്നു.

പുറത്തുനിന്നും നോക്കിയാൽ ചരിഞ്ഞ മേൽക്കൂരയുള്ള വീടാണ്. എന്നാൽ ഈ വീട്ടിന്റെ സൺഷേഡ് മാത്രമാണ് ചരിച്ച്



കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. റൂഫ് സ്ലാബ് ചെയ്താൽ മഴവെള്ളം കിനിഞ്ഞിറങ്ങുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്.

ചരിച്ച് കോൺക്രീറ്റ് ചെയ്താൽ മഴവെള്ളം കെട്ടി നിൽക്കാതെ പുറത്തേക്ക് പോകുന്നത് കാരണം തീരെ ഈർപ്പം താഴോട്ട് വരില്ല എന്നാണ് സാമാന്യ ജനത്തിന്റെ ധാരണ. എന്നാൽ സംഗതി തീരെ മറിച്ചാണ്. ചരിഞ്ഞ കോൺക്രീറ്റ് മേൽക്കൂരയ്ക്കാണ് ചോർച്ചയ്ക്ക് സാധ്യത കൂടുതൽ. ചരിഞ്ഞ രീതിയിൽ കോൺക്രീറ്റിനു പലക അടിക്കുന്നത് ചരിഞ്ഞ രീതിയിൽ തന്നെയാണ്. എന്നിട്ട് കോൺക്രീറ്റ് മിക്സ് ചെയ്ത് വെള്ളം വളരെ കുറച്ച് മാത്രം ഉപയോഗിച്ച് വൈബ്രേറ്റർ ഉപയോഗിക്കാതെ ചുമ്മാ ഉപ്പേരി പരുവത്തിൽ പൊത്തി വയ്ക്കുന്നു. കോൺക്രീറ്റിന് ഉറപ്പ് വേണമെങ്കിൽ നിശ്ചിത അളവിൽ വെള്ളം ചേർക്കണം. എന്നിട്ട് നന്നായി വൈബ്രേറ്റ് ചെയ്താൽ മാത്രമാണ് നല്ല കോൺക്രീറ്റ് ലഭിക്കുന്നത്. അല്ലാതെ ചെയ്യുമ്പോൾ കോൺക്രീറ്റിനകത്ത് സുഷിരങ്ങൾ ഉണ്ടാകുകയും അവ മഴവെള്ളത്തെ താഴോട്ട് കടത്തിവിടുകയും ചെയ്യുന്നു. ഇങ്ങനെയാണ് ചെരിഞ്ഞ കോൺക്രീറ്റിൽ ലീക്ക് രൂപപ്പെടുന്നത്. അതുകൊണ്ട് ഈ വീട്ടിൽ എലിവേഷന്റെ ഭംഗിക്കും റൂഫ് സ്ലാബിന്റെ സംരക്ഷണത്തിനും വേണ്ടി ട്രസ്സ് വർക്ക് ചെയ്ത് ഓടിട്ടിരിക്കുന്നു.



**ചരിച്ച് കോൺക്രീറ്റ് ചെയ്താൽ മഴവെള്ളം കെട്ടി നിൽക്കാതെ പുറത്തേക്ക് പോകുന്നത് കാരണം തീരെ ഈർപ്പം താഴോട്ട് വരില്ല എന്നാണ് സാമാന്യ ജനത്തിന്റെ ധാരണ. എന്നാൽ സംഗതി തീരെ മറിച്ചാണ്**



## കാർപോർച്ച്

വീടിനു മുന്നിൽ തന്നെയാണ് കാർ പോർച്ചിന്റെ സ്ഥാനം. വീട്ടിൽ നിന്നും പുറത്തിറങ്ങുമ്പോഴും വരുമ്പോഴും മഴ നനയാതെ കാറിലേക്ക് കയറുകയും ഇറങ്ങുകയും ചെയ്യാം. മാത്രമല്ല ഉപയോഗം കഴിഞ്ഞ് കാർ ഗാരേജിലേക്ക് മാറ്റിയിടുകയും ചെയ്യാം.

## സിറ്റൗട്ട്

വീട്ടിലേക്ക് ആദ്യം സ്വീകരിക്കുന്നത് സിറ്റൗട്ടാണ്. നാലോ അഞ്ചോ പേർക്ക് സ്വസ്ഥമായി സംസാരിക്കാനുള്ള സ്ഥലം സിറ്റൗട്ടിലുണ്ട്. മുൻ വാതിലിന് ചുറ്റും വുഡൻ പാനലിങ് ചെയ്തിട്ടുണ്ട്. അതുകൊണ്ട് വീടിന് മൊത്തത്തിൽ ഒരു ആഢ്യത്വം കൈവന്നിട്ടുണ്ട്.

## ഫോയർ

സിറ്റൗട്ടിൽ നിന്നും കയറി ചെല്ലുന്നത് ഫോയറിലാണ്. കൂടുതൽ സ്വകാര്യത ഫോയറിനുണ്ട്. അതിഥികൾ നേരിട്ട് പ്രധാന ലിവിങ് റൂമിലേക്ക് ഫോയർ വഴി കടന്നുപോകുന്നു. അതുകൊണ്ട് തന്നെ വീടിന്റെ മറ്റു ഭാഗങ്ങളുമായി അതിഥികൾക്ക് ബന്ധമൊന്നും വരുന്നില്ല. എന്നാൽ വീട്ടുകാർക്ക് വീടിനകത്തേക്ക് പ്രധാന ലിവിങ് റൂമിൽ കടക്കാതെ തന്നെ പ്രവേശിക്കാം. ഇങ്ങനെയാണ് ഫോയർ കൂടുതൽ സ്വകാര്യത പ്രദാനം ചെയ്യുന്നത്.



ഫോയർ



**സാധാരണ വീടുകളിൽ ഡൈനിങ്ങ് ഏരിയ മാത്രമാണ് കണ്ടുവരാറുള്ളത്. എന്നാലിവിടെ പ്രത്യേകമായി ഡൈനിങ്ങ് റൂം തന്നെ ഒരുക്കിയിട്ടുണ്ട്**

## പ്രധാന ലിവിങ്ങ് റൂം

ഫോയറിൽ നിന്നു മാത്രമാണ് പ്രധാന ലിവിങ്ങ് റൂമിലേക്ക് പ്രവേശനം. പ്രവേശന കവാടങ്ങൾ വുഡൻ പാനലുപയോഗിച്ച് കമനീയമായി അലങ്കരിച്ചിട്ടുണ്ട്. വീടിന്റെ പ്രധാന ആകർഷണങ്ങളിലൊന്നാണ് പ്രധാന ലിവിങ്ങ് റൂം. ഇതിന്റെ സീലിങ്ങ് കണ്ടംപററി ഡിസൈനിലാണ് തീർത്തിരിക്കുന്നത്.

## ഫാമിലി ലിവിങ്ങ്

ഫോയറിൽ നിന്ന് കടക്കുന്ന രണ്ടാമത്തെ പ്രവേശന കവാടം തുറക്കുന്നത് ഫാമിലി ലിവിങ്ങിലേക്കാണ്. ഇതാണ് വീട്ടുകാരുടെ മാത്രമായ ഒത്തുകൂടൽ സ്ഥലം. ഇവിടെ നിന്നുമാണ് ഡൈനിങ്ങ് ഏരിയയിലേക്കും കിച്ചണിലേക്കും വാഷിലേക്കും ഒരു ബെഡ്റൂമിലേക്കും പ്രവേശിക്കുന്നത്.

## ഗോവണി

ഫോയറിൽ നിന്നും പ്രവേശിക്കുന്ന മൂന്നാമത്തെ സ്ഥലമാണ് ഗോവണി. ഇത് അർദ്ധവൃത്താകൃതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിൽ തന്നെ ഒരു വായനാമുറിയും ക്രമീകരിച്ചിട്ടുണ്ട്. ഇവിടെ നിന്നാണ് നിസ്കാര മുറിയിലേക്കും കിഡ്സ് ബെഡ് റൂമിലേക്കും കടക്കുന്നത്. ഗോവണിയുടെ ഹാൻഡ് റെയിലിന്റെ അടിഭാഗത്ത് എൽ.ഇ.ഡി ലൈറ്റുകൾ



ലിവിങ്ങ് റൂം

കൊടുക്കുന്നത് കാരണം സ്റ്റെപ്പുകൾ പ്രകാശപൂരിതമാണ്.

## ബെഡ് റൂമുകൾ

താഴത്തെ നിലയിൽ രണ്ടു ബെഡ് റൂമുകളാണ് ഉള്ളത്. എല്ലാ ബെഡ് റൂമുകളിലും ഷെൽഫുകൾ കൊടുത്തിട്ടുണ്ട്. അതുപോലെ തന്നെ എല്ലാ ബെഡ് റൂമുകളുടെയും സീലിങ്ങുകൾ അലങ്കാരപ്പണികൾ കൊണ്ട് സുന്ദരമാക്കിയിട്ടുണ്ട്. അതും ഓരോരുത്തരുടെ അഭിരുചിക്കനുസൃതമായിട്ടാണ് കളർ സ്കീം തയ്യാറാക്കിയിരിക്കുന്നത്.

## ഡൈനിങ്ങ് റൂം

സാധാരണ വീടുകളിൽ ഡൈനിങ്ങ് ഏരിയ മാത്രമാണ് കണ്ടുവരാറുള്ളത്. എന്നാലിവിടെ പ്രത്യേകമായി ഡൈനിങ്ങ് റൂം തന്നെ ഒരുക്കിയിട്ടുണ്ട്. ഡൈനിങ്ങ് റൂമിലേക്കു കടക്കുന്ന ഒരു പ്രവേശന കവാടം മാത്രമാണ് ഒരുക്കിയിട്ടുള്ളത്. അതുകൊണ്ട് തന്നെ ഡൈനിങ്ങ് റൂമിന്റെ എല്ലാ ഭാഗങ്ങളും കൂടുതൽ പ്രയോജനപ്രദമായിട്ടുണ്ട്. സാധാരണ വീടുകളിൽ ഡൈനിങ്ങ് റൂമിൽ നിന്നും ചുരുങ്ങിയത് നാലു വാതിലുകളെങ്കിലും ഉണ്ടാകും. എന്നാലിവിടെ ഒരേയൊരു പ്രവേശന കവാടം മാത്രമാണുള്ളത്.

## വാഷ് ഏരിയ

ഭക്ഷണം കഴിഞ്ഞ് കൈ കഴുകുന്നത് മിക്ക സ്ഥലങ്ങളിലും ഡൈനിങ്ങിനോട് ചേർന്ന് തന്നെ ആയിരിക്കും. അതുകൊണ്ട് വിശദമായി കൈകഴുകുന്നതിനും മറ്റും ചില പരിമിതികൾ ഉണ്ടായിരിക്കും. കാരണം അപ്പുറത്ത് ഇരുന്ന് ഭക്ഷണം കഴിക്കുന്നവർക്ക് അലോരസമുണ്ടാകരുതല്ലോ? എന്നാൽ ഇവിടെ ഡൈനിങ്ങ് റൂമിനോട് ചേർന്നല്ല വാഷ് ഏരിയ ക്രമീകരിച്ചിരിക്കുന്നത്. ഇത് കുറച്ച് മാറി ഫാമിലി ലിവിങ്ങിനോട് ചേർന്ന് വേറെ ഒരു റൂമായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. അതിൽ നിന്നും ഒരു കോമൺ ടോയ്‌ലറ്റും



ബെഡ് റൂം

**വർക്ക് ഏരിയയിൽ നിന്നു വീടിന്റെ ഇരുഭാഗങ്ങളിലേക്കും വാതിലുകളുണ്ട്. അതുപോലെ തന്നെ വിറക് അടുപ്പ് കത്തിക്കുന്നതിനുള്ള സംവിധാനവും ഇവിടെയുണ്ട്**

കൊടുത്തിട്ടുണ്ട്. അതിഥികൾ വന്നാലും ഇത് ഉപയോഗിക്കുകയും ചെയ്യാം.

## അടുക്കള

വാസ്തുശാസ്ത്രപരമായി അടുക്കളയ്ക്ക് ഒരുപാട് പ്രത്യേകതകളുണ്ട്. ഈ വീടിന്റെ അടുക്കളയും അതിനനുസൃതമായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. സൂര്യപ്രകാശം ആവശ്യത്തിന് അടുക്കളയിൽ ലഭിക്കും. സൂര്യന്റെ അൾട്രാവയലറ്റ് രശ്മികൾ അടുക്കളയെ ശുദ്ധീകരിക്കുന്നു.

## വർക്ക് ഏരിയ

ഏതാണ്ട് അടുക്കളയുടെ അത്രതന്നെ പ്രാധാന്യത്തോടെ തന്നെയാണ് വർക്ക് ഏരിയ ക്രമീകരിക്കുന്നത്. വർക്ക് ഏരിയയിൽ നിന്നും വീടിന്റെ ഇരുഭാഗങ്ങളിലേക്കും വാതിലുകളുണ്ട്. അതുപോലെ തന്നെ വിറക് അടുപ്പ് കത്തിക്കുന്നതിനുള്ള സംവിധാനവും



ഡൈനിങ്ങ് റൂം



ബെഡ് റൂം



ഇവിടെയുണ്ട്. അടുപ്പിനു മുകളിൽ സാധാരണ ചിമ്മിനി പണിതതിനാൽ ഒരു കാരണവശാലും പുക ശല്യമാവില്ല.

## ഹോം തിയേറ്റർ

വീടിന്റെ മുകളിലെ നിലയിലാണ് ഹോം തിയേറ്റർ സ്ഥാപിച്ചിരിക്കുന്നത്. ഒരു പ്രത്യേക മുറിയായിട്ടാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. ഹോം തിയേറ്ററിന്റെ ശബ്ദം കൂടുതൽ സ്ഫുടമാകണമെങ്കിൽ ക്ളോസ്ഡ് ഏരിയ തന്നെ വേണം. ഓപ്പൺ ഏരിയയിൽ ഹോം തിയേറ്റർ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ശബ്ദത്തിന്റെ ക്വാളിറ്റി നഷ്ടപ്പെടും. അതുപോലെ തന്നെ പുറത്ത് നിന്നുമുള്ള ശബ്ദം കാരണം കേൾവിസുഖം നഷ്ടപ്പെടും.

## ബാൽക്കണി

വീടിന് മോടി കൂട്ടുന്നതിൽ ബാൽക്കണി ഒരു പ്രധാന പങ്കാണ് വഹിക്കുന്നത്. ആരേയും ആകർഷിക്കത്തക്കവിധത്തിൽ വീടിനു മധ്യഭാഗത്തായിട്ടാണ് ബാൽക്കണി ക്രമീകരിച്ചിരിക്കുന്നത്. എത്ര വലിയ മഴയായാലും ബാൽക്കണിയുടെ ഉൾഭാഗം നനയുകയില്ല. ബാൽക്കണിക്കു മുന്നിൽ ചെറിയ ഓപ്പൺ ടെറസ്സ് ബാൽക്കണിയുടെ തന്നെ എക്സ്റ്റൻഷനാണെന്ന് തോന്നിപ്പിക്കുകയും ചെയ്യും.